

THURSDAY 02/04/2026 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/04/2026

1. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (SHM) മുഖേന നടപ്പിലാക്കുന്ന ഒരു പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് MIDH (Mission for Integrated Development of Horticulture). ഇതിലൂടെ Horticulture crops – പഴം, പച്ചക്കറി, പൂക്കൾ, സുഗന്ധ വ്യഞ്ജനങ്ങൾ, സുഗന്ധ തൈല വിളകൾ, ഔഷധ സസ്യങ്ങൾ, തോട്ടവിളകൾ (cashew and cocoa), mushroom കൃഷി, തേനീച്ച കൃഷി, ഔഷധസസ്യങ്ങൾ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുകയും കർഷകരുടെ വരുമാനം വർധിപ്പിക്കുകയും ചെയ്യുന്നു. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുക, പുതിയ കൃഷി സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുക, കർഷകരുടെ വരുമാനം കൂട്ടുക, സംഭരണം, മാർക്കറ്റിംഗ് സൗകര്യങ്ങൾ വികസിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. കർഷകർക്ക് ലഭിക്കുന്ന പ്രധാന ആനുകൂല്യങ്ങൾ താഴെ പറയുന്നവയാണ് . പ്ലാന്റിംഗ് മെറ്റീരിയൽ സഹായം, മികച്ച ഗുണമേന്മയുള്ള വിത്തുകൾക്ക് സബ്സിഡി, നഴ്സറി സ്ഥാപിക്കാൻ സഹായം, പുതിയ കൃഷി (Area Expansion) – പഴം, പച്ചക്കറി, മസാല കൃഷിക്ക് 40%-60% വരെ സബ്സിഡി, ഉദാ: വാഴ, മാങ്ങ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുളക്, മുളകുപൊടി, ഇഞ്ചി, കുരുമുളക്, Protected Cultivation (Greenhouse / Polyhouse), പോളിഹൗസ് / ഷേഡ് നെറ്റ് സ്ഥാപിക്കാൻ 50%-65% വരെ സബ്സിഡി, ജലസേചന സൗകര്യം, ഡ്രിപ്പ് ഇറിഗേഷൻ / മൈക്രോ ഇറിഗേഷൻ, ജലസംരക്ഷണത്തിന് പ്രത്യേക പിന്തുണ, Post Harvest മാനേജ്മന്റ് - കോൾഡ് സ്റ്റോറേജ്, പാക്കിംഗ് ഹൗസ്, ഗ്രേഡിംഗ് യൂണിറ്റ്, Organic Farming / Integrated ഫാർമിംഗ്, ജൈവ കൃഷിക്ക് പ്രോത്സാഹനം, കൃഷി സംയോജിത രീതികൾക്ക് പിന്തുണ നൽകുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന ഈ പദ്ധതികൾക്ക് വെജിറ്റൽ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK), ഗ്രാമപഞ്ചായത്ത് കൃഷിഭവൻ എന്നിവ മുഖാന്തിരമാണ് അപേക്ഷകൾ നൽകേണ്ടത്. ആധാർ, ബാങ്ക് അക്കൗണ്ട്, ഭൂമിയുടെ രേഖ എന്നീ രേഖകൾ സഹിതം കൃഷി ഭവൻ മൂഖേന പദ്ധതിക്ക് അപേക്ഷിക്കാം. ഫീൽഡ്തല പരിശോധനക്ക് ശേഷം പദ്ധതിക്ക് അംഗീകാരം ലഭിക്കും.

2. അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ വാഴതൈകളായ നേന്ത്രൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

– 30 രൂപ, റോബസ്റ്റ – 20 രൂപ, ഗ്രാൻനെയ്ൻ – 20 രൂപ എന്നീ നിരക്കിൽ വില്പ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 04936-260561, 04936-260421 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോര് ഇ-ലേണിംഗ്) "Organic Agricultural Management" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവര് www.celkau.in എന്ന വെബ് സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 2026 ഏപ്രിൽ 16. 2026 മെയ് 16 -ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയില് ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## കാർഷിക നിർദേശം

4. ഭൂമിക്ക് ആവരണം എന്ന നിലയ്ക്ക് ഉണങ്ങിയ തെങ്ങോലകൾ, തൊണ്ട്, വിള അവശിഷ്ടങ്ങൾ എന്നിവ ഉപയോഗിച്ച് പുതയിടാവുന്നതാണ്. മണ്ണിലുള്ള ഈർപ്പം നഷ്ടപ്പെടാതിരിക്കുന്നതിന് സഹായകരമാകുന്ന വിധം ഒരു പുതപ്പിന്റെ ധർമ്മം നിർവ്വഹിക്കുകയാണ് ഇത് ചെയ്യുന്നത്. ബാഷ്പീകരണം മൂലം ജലം നഷ്ടപ്പെട്ടുപോകുന്നതും ഇതുമൂലം പരിമിതപ്പെടുന്നു. ജൈവാവശിഷ്ടങ്ങൾ ഒരു കാരണവശാലും കത്തിക്കരുത്. തീയിടുന്നത് അന്തരീക്ഷ താപനിലയും മണ്ണിലെ താപനിലയും ക്രമാതീതമായി ഉയരുന്നതിനും അനുബന്ധ പ്രശ്നങ്ങൾക്കും ഇടയാക്കും. ചപ്പുചവറുകൾ പുതയിടീലിനായി മാത്രം ഉപയോഗിക്കുക.

5. വേനൽക്കാല ഉഴവ് :-മേൽമണ്ണ് ചെറുതായി ഇളക്കിയിടുന്നത് വേനൽ മഴയിൽ നിന്നും ലഭിക്കുന്ന ജലം മണ്ണിൽ തന്നെ സംഭരിച്ച് നിർത്താനുള്ള നല്ലൊരു മാർഗ്ഗമാണ്. ഇതിനായി തെങ്ങിൻ തോപ്പുകളിലും മറ്റും വേനൽക്കാല ഉഴവ് അനുവർത്തിക്കാം. വേനൽമഴ ലഭിച്ചതിനുശേഷം പയർവർഗ്ഗവിളകൾ വിതയ്ക്കുന്നതും ഏറെ ഗുണം ചെയ്യും.

വാർത്ത ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff




**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314



ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം